DESPATCHED 08/06/2020

5/05/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.533(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.3904/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ഫ്രാൻസിസ് റ്റി.റ്റി.,
തണ്ണിപ്പാറ,
സ്റ്റേറ്റ് വെയർ ഹൗസിനു സമീപം,
പാല പി.ഒ., കോട്ടയം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
റവന്യൂ ഓഫീസർ,
പാല മുനിസിപ്പൽ ഓഫീസ്, കോട്ടയം.

2. അപ്പീൽ അധികാരി &
മുനിസിപ്പൽ സെക്രട്ടറി,
പാല നഗരസഭ,
കോട്ടയം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/09/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/10/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16/11/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28/12/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 22/03/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 23/03/2017 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഫ്രാൻസിസ് റ്റി.റ്റി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടി നിയമവിരുദ്ധവും ധാർഷ്ട്യം നിറഞ്ഞതുമാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ വിവരം എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്ന മറുപടി അസ്വീകാര്യമാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പാല നഗരസഭയിലെ 23-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 400, 401, 401(1) എന്നീ നമ്പർ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നികുതി പരിഷ്ക്കരണത്തോട് അനുബന്ധിച്ച് നടത്തിയ തീയതി, സമയം, ആരുടെ ലോഗിനിൽ നിന്നും നടത്തി എന്നും, ഏത് ഐ.പി.നമ്പറുള്ള കമ്പ്യൂട്ടറിൽ നടത്തി എന്നും മേൽപ്പടി ഐ.പി. നമ്പർ കമ്പ്യൂട്ടർ ആരുടെ ടേബിളിലാണ് സ്ഥിതി ചെയ്യുന്നത് എന്നും

ii. മേൽപ്പടി കെട്ടിടങ്ങളുടെ ഡാറ്റാ വെരിഫൈ ചെയ്ത തീയതി, സമയം, ആരുടെ ലോഗിനിൽ നിന്നും ചെയ്തു എന്നും ഏത് ഐ.പി. നമ്പർ കമ്പ്യൂട്ടറിൽ ചെയ്തു എന്നും മേൽപ്പടി ഐ.പി. നമ്പർ കമ്പ്യൂട്ടർ ആരുടെ ടേബിളിലാണ് സ്ഥിതി ചെയ്യുന്നത് എന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 2(എഫ്)ന്റെ പരിധിയിൽ വരാത്തതാണെന്നും കൂടാതെ വിവരാവകാശ നിയമത്തിലെ 7(9) വകുപ്പു പ്രകാരം നൽകാൻ സാധിക്കാത്തതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം നിയമാനുസൃതമല്ലെന്നും വിവരാവകാശ നിയമത്തിലെ 7(9) വകുപ്പു പ്രകാരവും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിക്കുവാൻ നിർവ്വാഹമില്ലെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി ഒന്നാം എതിർകക്ഷിയുടെ നടപടി അംഗീകരിച്ച് അപ്പീൽ തീർപ്പാക്കുകയാണുണ്ടായത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിലെ ആദ്യ ഭാഗം ആവശ്യപ്പെട്ടിട്ടുള്ള വിവരം ബന്ധപ്പെട്ട കമ്പ്യൂട്ടർ സിസ്റ്റത്തിൽ നിന്നും നൽകാവുന്നതാണെന്ന് കാണുന്നു. ആയതിനാൽ പരാമർശിത കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നികുതി പരിഷ്കരണ പ്രകാരം നടത്തിയ തീയതി, സമയം എന്നിവ നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു. ബന്ധപ്പെട്ട കമ്പ്യൂട്ടർ സിസ്റ്റത്തിന്റെ ഐ.പി. നമ്പർ ആയത് ആരുടെ ടേബിളിൽ സ്ഥിതി ചെയ്യുന്നു എന്നീ വിവരങ്ങൾ ബന്ധപ്പെട്ട വിവരങ്ങളുടെ സുരക്ഷയെ ബാധിക്കുന്നതിനാൽ ആയത് നൽകേണ്ടതില്ല എന്നു കമ്മീഷൻ വ്യക്തമാക്കുന്നു. അപ്രകാരം തന്നെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട പരാമർശിത കെട്ടിടങ്ങളുടെ ഡാറ്റാ വെരിഫൈ ചെയ്ത തീയതി, സമയം എന്നിവ നൽകേണ്ടതാണെന്നും മറ്റു വിവരങ്ങൾ വിവരസുരക്ഷ മാനിച്ച് നൽകേണ്ടതില്ലെന്നും കമ്മീഷൻ വ്യക്തമാക്കുന്നു. അപ്രകാരം തന്നെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട പരാമർശിത കെട്ടിടങ്ങളുടെ നികുതി വേരിഫൈ ചെയ്ത് ഡാറ്റാ അപ്രൂവ് ചെയ്ത തീയതി, സമയം എന്നിവ നൽകണമെന്നും മറ്റു വിവരങ്ങൾ നൽകേണ്ടതില്ല എന്നും കമ്മീഷൻ വ്യക്തമാക്കുന്നു. 4-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി കെട്ടിടങ്ങളുടെ അപ്രൂവ് ചെയ്ത ഡാറ്റാ ഡിജിറ്റൽ സൈൻ ചെയ്ത തീയതി, സമയം എന്നിവ നൽകണമെന്നും മറ്റു വിവരങ്ങൾ വിവരസുരക്ഷ പ്രകാരം നൽകേണ്ടതില്ലെന്നും വ്യക്തമാക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മേയ് 5-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

ns